കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ
തിരുവനന്തപുരം -695033

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയുടെ നടപടി ഉത്തരവ്
(ഹാജർ : PRAKASH.B.S)

വിഷയം:- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ-തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ്-കേരള കോൺഗ്രസ് (സ്കറിയ തോമസ്) എന്ന രാഷ്ട്രീയ പാർട്ടിക്ക് തിരഞ്ഞെടുപ്പ് ചിഹ്നമായി ലാപ്ടോപ് അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന്റെ 19.09.2025 തീയതിയിലെ F.No.56/Delisting/2025/PPS-III നമ്പർ ഉത്തരവ്.

2.സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 03.11.2025 തീയതിയിലെ 58/2025/സം.തി.ക നമ്പർ വിജ്ഞാപനം.

3.W.P(C) No.42726/2025 നമ്പർ കേസിലെ ബഹു.കേരള ഹൈക്കോടതിയുടെ 20.11.2025 തീയതിയിലെ വിധിന്യായം.

4.കേരള കോൺഗ്രസ് (സ്കറിയ തോമസ്), ജനറൽ സെക്രട്ടറിയുടെ 21.11.2025 തീയതിയിലെ കത്ത്.

ഉത്തരവ് നം.B3/289/2025-SEC തീയതി: **22-11-2025**

**<u>ഉത്തരവ്</u>**

കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ പരാമർശം (1) ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച നിഷ്ക്രിയ രാഷ്ട്രീയ പാർട്ടികളുടെ (De-listed Political Parties) പട്ടികയിൽ കേരള കോൺഗ്രസ് (സ്കറിയ തോമസ്) എന്ന രാഷ്ട്രീയ പാർട്ടി ഉൾപ്പെട്ടതിനാൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ പരാമർശം (2) വിജ്ഞാപനത്തിൽ പ്രസ്തുത രാഷ്ട്രീയ പാർട്ടിയെ കമ്മീഷൻ ഉൾപ്പെടുത്തിയിരുന്നില്ല. അതിനെതിരെ കേരള കോൺഗ്രസ് (സ്കറിയ തോമസ്) ജനറൽ സെക്രട്ടറി ബഹു.കേരള ഹൈക്കോടതിയിൽ W.P(C) No.42726/2025 (M) ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത കേസിൽ, കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന്റെ (പരാമർശം (1)) ഉത്തരവിലെ നിഷ്ക്രിയ രാഷ്ട്രീയ പാർട്ടികളുടെ (De-listed Political Parties) പട്ടികയിൽ നിന്നും കേരള കോൺഗ്രസ് (സ്കറിയ തോമസ്) എന്ന രാഷ്ട്രീയ പാർട്ടിയെ താൽകാലികമായി മാറ്റിക്കൊണ്ടും പ്രസ്തുത രാഷ്ട്രീയ പാർട്ടിയുടെ സ്ഥാനാർത്ഥികളെ തദ്ദേശ പൊതു തിരഞ്ഞെടുപ്പിൽ മത്സരിക്കാൻ യോഗ്യരാക്കിക്കൊണ്ടും അവർ ആവശ്യപ്പെടുന്ന ചിഹ്നം മറ്റൊരു രാഷ്ട്രീയ പാർട്ടിക്കും അനുവദിച്ചിട്ടില്ലെങ്കിൽ അനുവദിക്കാനും പരാമർശം (3) പ്രകാരം ബഹു.ഹൈക്കോടതി ഇടക്കാല വിധി പുറപ്പെടുവിച്ചിരുന്നു.

മേൽ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ, 2025 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള

പൊതുതിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനായി കേരള കോൺഗ്രസ് (സ്കറിയ തോമസ്)-ന്റെ സ്ഥാനാർത്ഥികൾക്ക് മുൻഗണനാടിസ്ഥാനത്തിൽ 'ലാപ്ടോപ്' ചിഹ്നം അനുവദിക്കാനായി കേരള കോൺഗ്രസ് (സ്കറിയ തോമസ്)-ന്റെ ജനറൽ സെക്രട്ടറി പരമാർശം (4) പ്രകാരം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അപേക്ഷ സമർപ്പിച്ചിരുന്നു.

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ മേൽപ്പറഞ്ഞ അപേക്ഷ വിശദമായി പരിശോധിച്ചു. 21.06.2017 ൽ 57/2017-SEC നമ്പറായി പുറപ്പെടുവിച്ച The Local Authorities Election Symbols (Reservation and Allotment) Order, 2017 വിജ്ഞാപനത്തിലെ ഖണ്ഡം 5-പ്രകാരമുള്ള അധികാരം വിനിയോഗിച്ച്, സൂചന (2) വിജ്ഞാപനത്തിലെ നാലാം പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ക്രമ നമ്പർ 40 'ലാപ്ടോപ് ' ചിഹ്നം മുൻഗണനാക്രമത്തിൽ കോൺഗ്രസ് (സ്കറിയ തോമസ്)-ന് അനുവദിച്ചുകൊണ്ടും അപ്രകാരം W.P(C) No. 42726/2025 നമ്പർ കേസിലെ ബഹു.കേരള ഹൈക്കോടതിയുടെ 20.11.2025 തീയതിയിലെ വിധിന്യായം പാലിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

Signed by
Prakash B S
Date: 22-11-2025 15:31:07

PRAKASH.B.S
SECRETARY

സ്റ്റാൻഡിംഗ് കൗൺസിൽ, കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, കേരള ഹൈക്കോടതി (advdeepulalmohan@gmail.com)

ശ്രീ.ഷാജി കടമല,ജനറൽ സെക്രട്ടറി, കോൺഗ്രസ് (സ്കറിയ തോമസ്),

ഭരണങ്ങാനം (പി.ഒ), പാലാ-686 578

എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന്മാർക്കും

എല്ലാ വരണാധികാരികൾക്കും (ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ മുഖാന്തരം) എല്ലാ നോഡൽ ഓഫീസർമാർക്കും/എല്ലാ സെക്ഷനുകൾക്കും

ഐ.ടി. സെൽ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കമ്മീഷണറുടെ പി.എസ്

ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ